**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2131** **20-01-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലം മണ്ഡലത്തിൽ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം . മുകേഷ് | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൻകീഴിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ കീഴിൽ ഭരണാനുമതി നൽകിയതും നിർമ്മാണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. കൊല്ലം നിയോജകമണ്ഡലത്തിലെ ഭരണാനുമതി നൽകിയ പെരുമൺ എഫ്.എച്ച്.സിയുടെ വർക്കുകൾ പൂർണ്ണമാവുകയും അതിന്റെ ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ്, ഒ.പി.ഡി ട്രാൻസ്ഫോർമേഷൻ,ഡയാലിസിസ് യൂണിറ്റിലെ ബെഡ് സ്ട്രെംങ്ത് കൂട്ടുകയും സെൻട്രലൈസ്ഡ് ഓക്സിജൻ സിസ്റ്റം എന്നിവ പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുകയും ചെയ്യുന്നു. പെരിനാട്, തൃക്കരുവ എന്നീ പി.എച്ച്.സി കളുടെ സിവിൽ വർക്കുകൾ പുരോഗമിക്കുന്നു. കിളികൊല്ലൂർ എഫ്.എച്ച്.സിയുടെ പുതിയ കെട്ടിടത്തിന് ഭരണാനുമതി നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ